201891/SDE-A-ASST-2/2017/Admn (I)
23.02.2018

# പത്രക്കുറിപ്പ്

## (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

കാലിക്കറ്റ് സർവകലാശാലയിൽ വിദൂരവിദ്യാഭ്യാസവും പ്രൈവറ്റ് രജിസ്ട്രേഷനും സംബന്ധിച്ച വിശദമായ പഠനം നടത്തുന്നതിന് നിയോഗിച്ച സിൻഡിക്കേറ്റ് ഉപസമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സർവകലാശാല താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. സർവകലാശാലയ്ക്ക് വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിനുള്ള യു.ജി.സി അംഗീകാരം പുനസ്ഥാപിച്ച സാഹചര്യത്തിൽ യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി 2017-18 അദ്ധ്യയന വർഷത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ വഴി വിവിധ ബിരുദ പ്രോഗ്രാമുകൾക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ ബി.എ.ഉർദ്ദു ഒഴികെയുള്ള വിദ്യാർത്ഥികൾ വിദൂരവിദ്യാഭ്യാസ വിഭാഗം (എസ്.ഡി.ഇ.മോഡിലേക്ക് ) 26/02/2018 തുടങ്ങി 14/03/2018 നുള്ളിൽ മാറേണ്ടതാണ്. ബി.എ.ഉർദ്ദു വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് രജിസ്ട്രേഷനിൽതന്നെ തുടരാവുന്നതാണ്.
2. പ്രൈവറ്റ് രജിസ്ട്രേഷനിൽ നിന്ന് എസ്.ഡി.ഇ. യിലേക്ക് മാറുന്നതിന് ബി.എ, ബി.കോം, ബി.എസ്.സി മാത്തമാറ്റിക്സ് വിദ്യാർത്ഥികൾ 500/- രൂപയും ബി.ബി.എ. വിദ്യാർത്ഥികൾ 1000/- രൂപയും ഫീസ് അടക്കണം
3. ഇപ്രകാരം മാറുന്ന വിദ്യാർത്ഥികൾക്ക് ഒന്നാം വർഷത്തിൽ പഠനസാമഗ്രികളും കോൺടാക്ട് ക്ലാസ്സുകളും ഓൺലൈനായി നൽകുന്നതാണ്. രണ്ടാം വർഷവും മൂന്നാം വർഷവും ബി.എ . വിദ്യാർത്ഥികൾ 1400/- രൂപയും ബി.കോം, ബി.എസ്.സി. മാത്തമാറ്റിക്സ് വിദ്യാർത്ഥികൾ 1600/-രൂപയും ബി.ബി.എ വിദ്യാർത്ഥികൾ 3000/- രൂപയും വീതം വാർഷിക ഫീസ് അടക്കേണ്ടതാണ്. രണ്ടാം വർഷവും മൂന്നാം വർഷവും സമ്പർക്ക ക്ലാസ്സുകളും പ്രിന്റ് ചെയ്ത പഠനസാമഗ്രികളും നൽകുന്നതാണ്.
4. പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്കും ഒ.ഇ.സി. വിദ്യാർത്ഥികൾക്കും ഫീസ് അനുകൂല്യം ലഭിക്കുന്നതാണ്. ഇതിനായുള്ള അപേക്ഷാഫോറം മതിയായ രേഖകളോടൊപ്പം വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ സമർപ്പിക്കേണ്ടതാണ്.

Geetha M.P.

Deputy Registrar